**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **14-01-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ ,<br>ശ്രീമതി ഇ. എസ്. ബിജിമോൾ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. മുഹമ്മദ് മുഹസിൻ പി . | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള ജല അതോറിറ്റിയുടെ കീഴിൽ കുടിവെള്ള വിതരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ പട്ടിക അനുബന്ധം (1 ) ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലനിധി രണ്ടാംഘട്ട പദ്ധതി വഴി 31.12.2020 വരെ 1017 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും അതുവഴി 1.76 ലക്ഷം കുടുംബങ്ങളിലെ 7.76 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. ഇതിനായി 799.24 കോടി രൂപ ചിലവാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളിൽ 187 എണ്ണം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെയും വിവിധ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെയും പുനരുദ്ധാരണവും 3 മൾട്ടി ജി പി പദ്ധതിയും 23 ബൃഹദ് പദ്ധതികളും ഉൾപ്പെടുന്നു. 574 ഭൂജലസംവർദ്ധന യൂണിറ്റുകളും (ജി.ഡബ്ള്യു.ആർ) ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്കായി 12.05 കോടി രൂപ ഗുണഭോക്താക്കളിൽ നിന്നും 48.94 കോടി രൂപ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഈ കാലയളവിൽ സ്വരൂപിച്ചു. 54,500 ഓളം ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനുള്ള പരിശീലനം നൽകി. KRWSA യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'മഴ കേന്ദ്രം സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മഴവെള്ള സംഭരണം - ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി 29 ഗ്രാമപഞ്ചായത്തുകളിലെ 4101 വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ ജലസംഭരണികൾ നിർമ്മിച്ച് നൽകുകയുണ്ടായി. പദ്ധതിയുടെ ആനുകൂല്യം കൂടുതലായും മലയോര/ തീരഗ്രാമപഞ്ചായത്തുകൾക്കും ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുമാണ് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നത്. ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ച നൽകി. ഈ സാമ്പത്തിക വർഷത്തിൽ 5 ഗ്രാമപഞ്ചായത്തുകളിലെ 750 കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ശേഷിയുള്ള സംഭരണികളും പങ്കാളിത്താതിഷ്ഠിത മാതൃകയിൽ നിർമ്മിച്ച നൽകുവാൻ ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്തെ 6 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ച് 8500 കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഭൂജലവകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ്പൈപ്പ് കുടിവെള്ളപദ്ധതികളും 604 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. |
| (ബി) | ജല അതോറിറ്റി, ജലനിധി, ഭൂജലവകുപ്പ് എന്നീ ഏജൻസികളിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 11.33 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ജല ജീവൻ പദ്ധതിയുടെ ഭാഗമായി 2020-21 കാലയളവിൽ നാളിതുവരെ (11.01.2021) 166064 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2020 - 21 കാലയളവിൽ KRWSA വഴി ജലജീവൻ മിഷൻ പദ്ധതി പ്രകാരം 37,096/- ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയത്. ആയതിനാൽ 07.01. 2020 വരെ 950 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗാർഹിക കണക്ഷനുകൾ 2021 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജലജീവൻ മിഷനിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 11.33 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ജല ജീവൻ പദ്ധതിയുടെ ഭാഗമായി 2020-21 കാലയളവിൽ നാളിതുവരെ (11.01.2021) 166064 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2020 - 21 കാലയളവിൽ KRWSA വഴി ജലജീവൻ മിഷൻ പദ്ധതി പ്രകാരം 37,096/- ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയത്. ആയതിനാൽ 07.01. 2020 വരെ 950 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗാർഹിക കണക്ഷനുകൾ 2021 മാർച്ച് |

| | | | |
|---|---|---|---|
| | | | മാസത്തോട്ടുകൂടി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കുടിവെള്ള വിതരണ മേഖലയിൽ കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കുടിവെള്ള വിതരണ മേഖലയിൽ കേരള ജല അതോറിറ്റി മുഖേന കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു |
| (ഇ) | ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | (ഇ) | ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ കാലയളവിൽ 216 കുഴൽകിണർ നിർമ്മാണവും 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ് പൈപ്പ് പദ്ധതികളും 8458ഹാൻഡ്പൈപ്പ് റിപ്പയറുകളും 604 ചെറുകിട പദ്ധതികളുടെ പുനരുദ്ധാരണവും നടപ്പിലാക്കിയിട്ടുണ്ട്. 1874 ലക്ഷം രൂപ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഈ കാലയളവിൽ ചെലവായിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന 1,57,097 കുടുംബങ്ങൾക്ക് പ്രത്യക്ഷമായി പ്രയോജനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം III ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ